**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 900** **06-02-2023 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി നടത്തുന്ന പരിപാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ.കെ.ടി.ജലീൽ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. എച്ച്. സലാം** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | രാജ്യത്തെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട 8-ാം ക്ലാസുവരെയുള്ള വിദ്യാർത്ഥികൾക്ക നൽകി വന്നിരുന്ന സ്കോളർഷിപ്പ് അവസാനിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ തീരുമാനമെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന 50% കേന്ദ്രസഹായത്തോടെ നടപ്പാക്കി വന്നിരുന്ന ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി, കേന്ദ്ര സാമൂഹ്യ നീതിയും ശാക്തീകരണവും മന്ത്രാലയം പുറപ്പെടുവിച്ച പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഒ.ബി.സി/ഇ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് PM-YASASVI (PM Young Achievers Scholarship Award Scheme for Vibrant India for OBC's) എന്ന പേരിൽ 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത കേന്ദ്ര തീരുമാനത്തിന് ബദലായി സംസ്ഥാനം സ്വീകരിച്ച നിലപാടെന്താണെന്ന് വിശദമാക്കുമോ; | (ബി) | 1 മുതൽ 8 വരെ ക്ലാസ്സുകളിലെ ഒ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്ക് നിലവിൽ ലഭിച്ചു കൊണ്ടിരുന്ന സ്കോളർഷിപ്പ് കേന്ദ്ര സർക്കാർ നിർത്തലാക്കിയ സാഹചര്യത്തിൽ, പ്രസ്തുത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുടർന്നും അനുവദിച്ചു നൽകുന്നതിനായി സംസ്ഥാന സർക്കാർ പ്രത്യേകമായി തുക വകയിരുത്തി പദ്ധതി ആവിഷ്കരിക്കുകയാണ്. |
| (സി) | സംസ്ഥാനത്തെ പിന്നാക്ക വിഭാഗം വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി സർക്കാർ നടത്തുന്ന വിവിധ പരിപാടികൾ സംബന്ധിച്ച് വിശകലനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ പിന്നാക്ക വിഭാഗം വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്ന വിദ്യാഭ്യാസ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

## 1. ഒ.ഇ.സി പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ്/അഫിലിയേറ്റഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മറ്റർഹ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് പട്ടികജാതി വിദ്യാർത്ഥികൾക്ക് സമാനമായ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നു. ഒ.ഇ.സി സമുദായങ്ങൾക്ക് വരുമാന പരിധി ഇല്ല. തത്തുല്യ സമുദായങ്ങൾക്ക് 6 ലക്ഷം രൂപ. ആനുകൂല്യ തുക നേരിട്ട് വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേക്കു നൽകുന്നു. വിദ്യാഭ്യാസാനുകൂല്യ നിരക്ക് ചുവടെ ചേർക്കുന്നു.

| ഒ.ഇ.സി ഗ്രാന്റ് നിരക്ക് | | |
|---|---|---|
| ക്ലാസ്സ് | ലംപ്സം ഗ്രാന്റ് (എല്ലാ സ്കൂളുകൾക്കും) | ഫീ റീ-ഇമ്പേഴ്സ്മെന്റ് (അൺ എയ്ഡഡ്/ അഫിലിയേറ്റഡ്) |
| എൽ.പി വിഭാഗം | Rs.750/- | Rs.1333/- |
| യു.പി വിഭാഗം | Rs.900/- | Rs.1333/- |
| ഹൈസ്കൂൾ വിഭാഗം | Rs.1000/- | Rs.2000/- |
| Repeaters-നു മേൽ പ്രകാരമുള്ള തുകയുടെ 50% മാത്രം | | |

## 2. ഒ.ബി.സി./ഇ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് (PM-YASASVI) (60% CSS)

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന 50% കേന്ദ്രസഹായത്തോടെ നടപ്പാക്കി വന്നിരുന്ന ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി കേന്ദ്ര സാമൂഹ്യ നീതിയും ശാക്തീകരണവും മന്ത്രാലയം അംഗീകരിച്ച് ഇറക്കിയ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഒ.ബി.സി./ഇ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് PM-YASASVI (PM Young

Achievers Scholarship Award Scheme for Vibrant India for OBC's) എന്ന പേരിൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന, കുടുംബ വാർഷിക വരുമാനം 2,50,000/- രൂപയിൽ അധികരിക്കാത്ത ഒ.ബി.സി./ഇ.ബി.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രതിവർഷം വർഷം 4000/- രൂപ അക്കാദമിക് അലവൻസ് ഇനത്തിൽ ലഭിക്കും.

## 3. ഒ.ഇ.സി പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ

+2 മുതൽ Ph.D വരെയുള്ള കോഴ്സുകളിൽ പ്രവേശനം നേടുന്ന ഒ.ഇ.സി, ഒ.ബി.സി(എച്ച്) വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്ന പദ്ധതിയാണ്. സംസ്ഥാനത്ത് പോസ്റ്റ്മെട്രിക് തലത്തിൽ പഠിക്കുന്നവർക്കും സംസ്ഥാനത്തിനു പുറത്ത് അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും കേന്ദ്ര ഏജൻസിയുടെ അലോട്ട്മെന്റ് പ്രകാരം പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് അനുവദിക്കുന്നു. ഒ.ഇ.സി സമുദായങ്ങൾക്ക് വരുമാന പരിധി ഇല്ല. തത്തുല്ല്യ സമുദായങ്ങൾക്ക് 6 ലക്ഷം രൂപ. ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. തുക നേരിട്ട് വിദ്യാർത്ഥികളുടെ ബാങ്ക് അക്കൌണ്ടുകളിലേക്കു നൽകുന്നു. കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ SEBC വിഭാഗത്തിൽപ്പെട്ട സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കും, സ്വാശ്രയ എഞ്ചിനീയറിംഗ് കോഴ്സുകളിലെ വിദ്യാർത്ഥികൾക്കും സർക്കാർ നിരക്കിലുള്ള ഫീസ് അനുവദിക്കുന്നു. 1 ലക്ഷം രൂപയാണ് കുടുംബ വാർഷിക വരുമാന പരിധി. ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. തുക നേരിട്ട് വിദ്യാർത്ഥികളുടെ ബാങ്ക് അക്കൌണ്ടുകളിലേക്കു നൽകുന്നു.

## 4. ഒ.ബി.സി./ഇ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് (60% CSS)

100% കേന്ദ്ര സഹായത്തോടെ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കി വന്നിരുന്ന ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി കേന്ദ്ര സാമൂഹ്യ നീതിയും

ശാക്തീകരണവും മന്ത്രാലയം അംഗീകരിച്ച് ഇറക്കിയ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഒ.ബി.സി./ഇ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് PM-YASASVI (PM Young Achievers Scholarship Award Scheme for Vibrant India for OBC's) എന്ന പേരിൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഒ.ബി.സി/ഇ.ബി.സി. വിഭാഗത്തിൽപ്പെട്ട ഹയർ സെക്കന്ററി വിദ്യാർത്ഥികൾ, സംസ്ഥാനത്തിനകത്ത് CA/CMA/ICWA/CS കോഴ്സുകളിൽ പഠിക്കുന്നവർ, സംസ്ഥാനത്തിനു പുറത്ത് ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഖിലേന്ത്യാടിസ്ഥാനത്തിൽ നടത്തുന്ന തെരഞ്ഞെടുപ്പ് രീതി പ്രകാരം പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ എന്നിവർക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നതിന് അർഹതയുള്ളത്. സംസ്ഥാനത്തിനു പുറത്ത് പഠിക്കുന്നവർക്കുള്ള ഫീസ് നിരക്കുകൾ ചുവടെ ചേർക്കുന്നു.

| കോഴ്സ് | അക്കാദമിക് അലവൻസ് | ട്യൂഷൻ ഫീ | ആകെ (വർഷത്തിൽ) |
|---|---|---|---|
| ഗ്രൂപ്പ് 1 (DEGREE, PG & All Professional Course) | 10000 | 10000 | 20000 |
| ഗ്രൂപ്പ് 2 (Other Professional Courses leading to Degree, Diploma, Certificate) | 8000 | 5000 | 13000 |
| ഗ്രൂപ്പ് 3 (Graduate and Post Graduate courses not covered under Group I & Group II) | 6000 | 2000 | 8000 |
| ഗ്രൂപ്പ് 4 (All post-matriculation (Post Class X level) non-degree courses) | 5000 | 0 | 5000 |

CA,CMA,CS കോഴ്സുകൾക്ക് അനുവദിക്കുന്ന പരമാവധി സ്കോളർഷിപ്പ് നിരക്ക് Academic Allowance ₹10,000/-, ട്യൂഷൻ ഫീസ് ₹10,000/- എന്നിങ്ങനെ ആകെ ₹20,000/- ആയിരിക്കും.

## 5. ഓവർസീസ് സ്കോളർഷിപ്പ്

ഒ.ബി.സി വിഭാഗങ്ങളിൽപ്പെട്ട ഉന്നത പഠന നിലവാരം പുലർത്തിവരുന്ന വിദ്യാർത്ഥികൾക്ക് വിദേശസർവ്വകലാശാലകളിൽ മെഡിക്കൽ/എഞ്ചിനീയറിങ്/പ്യൂവർ സയൻസ്/അഗ്രികൾച്ചർ/മാനേജ്മെന്റ് കോഴ്സുകളിൽ ഉപരിപഠനം നടത്തുന്നതിനുള്ള അവസരം ഒരുക്കി നടപ്പാക്കുന്ന പദ്ധതിയാണിത്. 2014 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പരമാവധി 10 ലക്ഷം രൂപയാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. 6 ലക്ഷം രൂപയാണ് കുടുംബ വാർഷിക വരുമാന പരിധി.

## 6. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം - മെഡിക്കൽ/എഞ്ചിനീയറിംഗ്, ബാങ്കിംങ്, സിവിൽ സർവ്വീസ്, UGC/JRF, GATE/MAT പരീക്ഷാ പരിശീലന ധനസഹായം

മെഡിക്കൽ/എഞ്ചിനീയറിംഗ്, ബാങ്കിംങ്, സിവിൽ സർവ്വീസ്, UGC/JRF, GATE/MAT തുടങ്ങിയ വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. 2013 സാമ്പത്തിക വർഷം തുടക്കമിട്ട ഈ പദ്ധതിയിൽ 2017-18 ൽ UGC/JRF,GATE/MAT എന്നീ പരിശീലന ഇനങ്ങൾ കൂടി ഉൾപ്പെടുത്തി.

| പരിശീലന ഇനം | കുടുംബ വാർഷിക വരുമാനം | പരമാവധി ട്യൂഷൻ ഫീസ് | മെയിന്റനൻസ് അലവൻസ് | ആകെ അനുവദിക്കുന്ന പരമാവധി തുക |
|---|---|---|---|---|
| മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് | 2 ലക്ഷം | 20000/- | 10000/- | 30000/- |
| ബാങ്കിംഗ് | 2 ലക്ഷം | 10000/- | 10000/- | 20000/- |
| സിവിൽ സർവ്വീസ് | 4.5 ലക്ഷം | 15000/- | 10000/- | 25000/- |
| UGC/JRF,GATE/MAT | 2.5 ലക്ഷം | 15000/- | 10000/- | 25000/- |

## 7. ഒ.ബി.സി പെൺകുട്ടികൾക്കുള്ള പ്രത്യേക സ്കോളർഷിപ്പ്

സംസ്ഥാനത്തെ പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടതും, മെഡിക്കൽ / മെഡിക്കൽ അനുബന്ധ കോഴ്സുകൾക്ക് പഠിക്കുന്നതും, മാതാവിനെയോ പിതാവിനെയോ അല്ലെങ്കിൽ ഇരുവരെയുമോ നഷ്ടപ്പെട്ടതുമായ വിദ്യാർത്ഥിനികൾക്ക് സ്പെഷ്യൽ സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതിയാണിത്. ട്യൂഷൻ ഫീസ്, മെയിന്റനൻസ് അലവൻസ് എന്നിവ സഹിതം പരമാവധി ആകെ 50,000/- രൂപയാണ് ഒരു വിദ്യാർത്ഥിനിയ്ക്ക് ഒരു വർഷം അനുവദിക്കുന്നത്. 2.5 ലക്ഷം രൂപയാണ് കുടുംബ വാർഷിക വരുമാന പരിധി.

******************************